# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4854 26.06.2019 -ലെ മറുപടിയ്ക്ക്**

## ഇന്റഗ്രേറ്റഡ് ബി.എഡ്.കോഴ്സുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.കെ. അബ്ദു റബ്ബ് | ഡോ.കെ.ടി.ജലീൽ<br>(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി ) |

| | | | |
|---|---|---|---|
| (എ) | കേരളത്തിൽ ഇന്റഗ്രേറ്റഡ് ബി.എഡ്. കോഴ്സുകൾ ആരംഭിക്കുന്നതിന് നിലവിലുള്ള തടസ്സങ്ങളെന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) (ബി) & (സി) | സംസ്ഥാനത്തെ ബി.എഡ് ട്രെയിനിങ്ങ് കോളേജുകൾ സ്വതന്ത്രമായാണ് നിലനിൽക്കുന്നത്. ഇന്റഗ്രേറ്റഡ് ബി.എഡ് കോഴ്സുകൾ ആരംഭിക്കുന്നതിന് പ്രസ്തുത ബി.എഡ് കോളേജുകളോടൊപ്പം ഡിഗ്രി കോഴ്സുകൾക്കായുള്ള ഡിപ്പാർട്ടുമെന്റുകൾ ആരംഭിക്കേണ്ടതായും, അല്ലെങ്കിൽ ഡിഗ്രി കോളേജുകളിൽ ബി.എഡ് കോഴ്സുകൾ ആരംഭിക്കേണ്ടതായും വരും. നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷൻ ഇത് സംബന്ധിച്ച് നൽകിയ നിർദ്ദേശം പാലിക്കുന്നതിന്റെ ഭാഗമായി ഇന്റഗ്രേറ്റഡ് ബി.എഡ് കോഴ്സുകൾ സർക്കാർ/എയ്ഡഡ് കോളേജുകളിൽ ആരംഭിക്കുകയാണെങ്കിൽ സർക്കാരിനുണ്ടാകുന്ന സാമ്പത്തിക ബാധ്യത സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കാൻ കോളേജ് വിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷൻ ഇത് സംബന്ധിച്ച് നൽകിയ നിർദ്ദേശം പാലിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ; | | |
| (സി) | ഇന്ത്യയിലെ മറ്റ് പല സംസ്ഥാനങ്ങളിലെയും യൂണിവേഴ്സിറ്റികൾ ഇന്റഗ്രേറ്റഡ് ബി.എഡ്. കോഴ്സുകൾ ആരംഭിച്ചിട്ടും സംസ്ഥാനത്ത് ഇത് ആരംഭിക്കാത്തതിനാൽ വിദ്യാർത്ഥികൾക്കുണ്ടായിട്ടുള്ള അസൗകര്യം പരിഹരിക്കുന്നതിന് എത്രയും വേഗം നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ